പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 916

10.02.2016-ൽ മറുപടിക്ക്.

## മിനിമം വേതനം ഉറപ്പാക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.ശിവദാസൻ നായർ<br>,, പി.എ.മാധവൻ<br>,, ആർ.സെൽവരാജ്<br>,, എം.പി.വിൻസെൻറ് | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് എല്ലാ മേഖലയിലും മിനിമം വേതനം ഉറപ്പാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) അസംഘടിത മേഖലയിലെയും സംസ്ഥാനത്തെ വിവിധ തൊഴിൽ രംഗങ്ങളിലെയും തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും വേതനം ബാങ്ക് വഴി നൽകുന്നതിനുമായുള്ള "വേതന സുരക്ഷാ പദ്ധതി" തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമ പ്രകാരവും 1936-ലെ |

| | |
|---|---|
| | വേതനം കൊടുക്കൽ നിയമ പ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈൻ ആയിതന്നെ പരിശോധി ക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾ ക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയുന്നതാണ്. |
| (സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) സംസ്ഥാനത്തെ അസംഘടിത മേഖല ഉൾപ്പെടെ വിവിധ സ്വകാര്യ തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്ക് കുറഞ്ഞ കൂലി ഉറപ്പുവരുത്തുന്നതിനുള്ള ഉദ്ദേശത്തോടെ 2013-14 വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഒരു "വേതന സുരക്ഷാ പദ്ധതി" സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ആയതിന് 29.03.2014- ലെ സ.ഉ. (സാധാ) നമ്പർ 447/2014/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതിയും നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്ന തിനായി കെൽട്രോണുമായി ഒരു കരാറിൽ ഏർപ്പെടുകയും ഇതിനായി ഒരു പ്രത്യേക സോഫ്റ്റ്വെയർ നിർമ്മിക്കുകയും 2015 ഫെബ്രുവരിയിൽ പ്രാരംഭഘട്ടം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. ഇതിന് നിയമത്തിന്റെ പരിരക്ഷ ഉറപ്പാക്കാൻ 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തി സർക്കാരിന്റെ 08.07.2015- ലെ സ.ഉ. (അച്ചടി) നമ്പർ 84/2015 പ്രകാരം വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം |

ആദ്യഘട്ടം എന്ന നിലയിൽ കടകൾ, വാണിജ്യ സ്ഥാപനങ്ങൾ, സ്റ്റാർ ഹോട്ടലുകൾ, സെക്യൂരിറ്റി സർവ്വീസുകൾ, കമ്പ്യൂട്ടർ സോഫ്റ്റ്വെയർ സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികൾ, സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നീ മേഖലകളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ